ബഹുമാനപ്പെട്ട പോൾ റമ്പാച്ചൻ 2013 ഫെബ്രുവരി മാസം 18 –ാം തീയതി തിങ്കളാഴ്ച സങ്കേതഭവനത്തിൽ നടത്തിയ ധ്യാനപ്രസംഗത്തിന്റെ പൂർണ്ണരൂപം

വിശുദ്ധ ലൂക്കൊസ് 6: 27 - 36

കർത്താവിൽ പ്രിയരെ,

ഈ വർഷം വീണ്ടും കൃപായുഗം നീട്ടികൊണ്ട് വലിയനോമ്പിലെ രണ്ടാം ആഴ്ചയിലേക്ക് പ്രവേശിച്ചിരിക്കുന്നു. കർത്താവും മാതാവും വിശുദ്ധന്മാരും ലൂക്കൊസും എല്ലാവരും ഈ വചനത്തിലൂടെ സഞ്ചരിച്ച് വിജയിച്ചവരാണ്. അവരുടെ മനോഭാവവും വിശ്വാസവും പ്രത്യാശയും നമുക്ക് ഉണ്ടോ? ഈ വേദവായന ഭാഗത്തിലൂടെ നമുക്ക് ലഭിക്കുന്ന കർത്താവും, അത് എഴുതി വച്ചിരിക്കുന്ന ലൂക്കൊസും, അപ്പൊസ്തോലരായ എല്ലാവരും എന്ത് ഉദ്ദേശ്യത്തോടെ എഴുതിയിരിക്കുന്നു എന്ന് നാം അറിയണം. ഇത് നമുക്ക് എത്രമാത്രം അംഗീകരിക്കാൻ കഴിയും? ഈ വചനം 100 % അംഗീകരിക്കുകയും പഠിക്കുകയും ജീവിതം കൊണ്ട് മററുള്ളവരെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടോ? കേൾക്കുന്ന വചനം ജീവിതശൈലിയിൽ കൂടി പഠിപ്പിക്കുന്നവർക്കാണ്, കർത്താവ് മഹതിമഹാന്മാരുടെ സ്ഥാനം നൽകുന്നത്. മഹാനായ യേശുരാജാവിന്റെ കൂടെ മഹതിയായി, രാജ്ഞിയായി തീരാൻ വിളിക്കപ്പെട്ടവരായ നമുക്ക് കർത്താവ് വച്ചിരിക്കുന്ന ഒരു വലിയ പരിശോധനയാണിത്.

വിശുദ്ധ മത്തായി 5 :19; 2 കൊരിന്ത്യർ 11: 2, 3; ഈ വചനം അനുസരിക്കുവാനും അംഗീകരിക്കുവാനും അത് പ്രായോഗികമാക്കാനും അത് ജീവിതത്തിലൂടെ കാണിച്ചു കൊടുക്കാനും കഴിയുന്നവരെ മഹതിമഹാന്മാർ എന്നു വിളിക്കും. കർത്താവ് കല്യാണം ഉറപ്പിച്ചത് ഈ പ്രതീക്ഷയിലാണ്. ചെറിയവരായ നമ്മൾ, പാപികളായിരുന്ന നമ്മൾ, ശത്രുക്കളായിരുന്ന നമ്മൾ, യേശുക്രിസ്തുവിൽ വിശ്വസിച്ചിട്ട് ദത്തുമക്കളായി സ്വീകരിക്കപ്പെടുകയാണ്. ശത്രുക്കളായ നമ്മളെ ദൈവത്തിന്റെ ഏകജാതന്റെ ജീവിതപങ്കാളിയായി തീർക്കുവാൻ നമ്മുടെ ദേഹിയുടെ മണ്ഡലത്തെ ദത്തുപുത്രിയായി എടുക്കുന്നു. ആ ദത്തുപുത്രി വിജയിക്കേണ്ടതായ കാര്യങ്ങളാണ് ഈ വചനത്തിൽ എഴുതിയിരിക്കുന്നത്. പിതാവിന്റെ പുത്രന്റെ സ്വഭാവമാണ് ഇവിടെ എഴുതിയിരിക്കുന്നത്. പിതാവിന്റെ പുത്രന്റെ മണവാട്ടിയായി തീരേണ്ടതായ രാജ്ഞി, ഒരു മഹതിയായി വിജയിച്ചു

ചെല്ലേണ്ടതായ കാര്യങ്ങൾ ആണ് ഇവിടെ വചനത്തിൽ എഴുതിയിരിക്കുന്നത്. കർത്താവിന്റെ സങ്കടം: കല്യാണം ഉറപ്പിച്ചുപോയി, കെട്ടാൻ കഴിയുന്നില്ല. ഉറപ്പിച്ചത് നന്നായിക്കൊള്ളും, മഹതി ആയിക്കൊള്ളും എന്നു വിചാരിച്ചാണ്. മഹാനായിരിക്കുന്ന കർത്താവിനോളം മഹതിയായി വളർന്നു കഴിഞ്ഞാൽ മാത്രമേ കല്യാണത്തിന് പൊരുത്തം കാണുകയുള്ളു. കർത്താവിന് ഒരു മോൻ മാത്രമേയുള്ളു, ഒരു കല്യാണമേയുള്ളു, അത് മോശമായി പോയാൽ എന്തൊരു നഷ്ടമായിരിക്കും? എന്തൊരു സങ്കടമായിരിക്കും, സർവ്വവും ഭംഗിയായിരിക്കണം. കാണുന്നവർ എല്ലാവരും പറയണം: പിതാവിന്റെ തെരഞ്ഞെടുക്കൽ നന്നായിരിക്കുന്നു, നല്ല കല്യാണം, നല്ല പൊരുത്തമാണ്, രണ്ടുപേർക്കും നല്ല ചേർച്ചയുണ്ടെന്ന് പറയണം. അങ്ങനെ സന്തോഷിക്കണമെങ്കിൽ, മഹാനായി ഉയിർത്തെഴുന്നേററ് തേജോമയനായ പിതാവിന്റെ സന്നിധിയിൽ ഇരിക്കുന്ന ആ പുത്രന്റെ ഉള്ളിൽ നമ്മുടെ പ്രാണൻ മുഴുവൻ ഉണ്ടായിരിക്കണം. നമ്മുടെ ഹൃദയത്തിലെ ഗൂഢമനുഷ്യൻ, യേശുവിനെപ്പോലെ വളർന്നു കഴിയുമ്പോഴാണ്, പൊരുത്തം പൂർണ്ണമായി തീരുന്നത്. നമ്മുടെ ഹൃദയത്തിലെ ഒരു ഗൂഢമനുഷ്യൻ ഉണ്ടെന്നുള്ള കാര്യം 1 പത്രൊസ് 3 ൽ എഴുതിയിരിക്കുന്നു. നമ്മുടെ എല്ലാവരുടെയും ഹൃദയത്തിൽ ഒരു രഹസ്യ മനുഷ്യൻ / ഗൂഢമനുഷ്യൻ ഉണ്ട്. ആ ഗൂഢമനുഷ്യൻ ആരാണ്? ലോകാരംഭത്തിന് മുമ്പേ സൃഷ്ടിക്കപ്പെട്ടതും, പുത്രന്റെ ഉള്ളിൽ സൂക്ഷിക്കപ്പെട്ടതും, വീണ്ടും ജനനത്തിന്റെ അനുഭവത്തിനുശേഷം നമ്മുടെ വീണ്ടെടുക്കപ്പെട്ട പ്രാണനെകൊണ്ട് വളരുന്നതുമായ ഒരു ഗൂഢമനുഷ്യൻ, അത് ദൈവസാദൃശമുള്ള നമ്മുടെ ആത്മാവിന്റെ കാര്യമാണ്. ലോകാരംഭത്തിന് മുമ്പേ സൃഷ്ടിക്കപ്പെട്ട നമ്മുടെ ആത്മാക്കളെക്കുറിച്ച് എഫെസ്യർ 1-ാം അദ്ധ്യായത്തിൽ നാലാം വാക്യത്തിൽ സൂചിപ്പിക്കുന്നു.

എഫെസ്യർ 2 : 10 നമ്മുടെ എല്ലാവരുടെയും ആത്മാക്കൾ ഒരേ ദിവസം ലോകാരംഭത്തിന് മുമ്പേ സൃഷ്ടിക്കപ്പെട്ടതാണ്. അങ്ങനെ നമുക്ക് എല്ലാവർക്കും കൂടി ഒന്നിച്ച് ഒരു ജന്മദിനം ഉള്ളത് വിസ്മരിക്കരുത്. നമുക്ക് ഏററവും അഭിമാനത്തിന് വകയുള്ള ഒരു കാര്യം, മനുഷ്യരുടെ ആത്മാക്കൾ എല്ലാംകൂടി ഒന്നിച്ച് സൃഷ്ടിക്കപ്പെട്ടതാണ്. സൃഷ്ടിക്കപ്പെട്ട ആത്മാക്കളെ എല്ലാം സൂക്ഷിച്ചുവയ്ക്കാൻ തന്റെ പുത്രനെ ഏൽപ്പിച്ചു. നമ്മൾ എല്ലാവരും ഒന്നിച്ച് പിതാവിന്റെ, പുത്രന്റെ ഉള്ളിൽ ആയിരുന്ന കാലം ഉണ്ട്. ഈ ലോകം ഉണ്ടാകുന്നതിന് മുമ്പേ പുത്രന്റെ ഉള്ളിൽ നമ്മൾ ഉണ്ടായിരുന്നു. ആ പുത്രൻ സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്ത്, പിതാവിനോടൊത്ത് കഴിഞ്ഞിരുന്ന ഒരു കാലം. അപ്പോൾ നമ്മുടെ ആത്മാക്കൾക്കും അവിടെ ഒരു സ്ഥാനം ഉണ്ട്. ആ നമ്മുടെ ആത്മാക്കൾ പുത്രന്റെ ഉള്ളിൽ ജീവിച്ചിട്ട്, ആ ആത്മാക്കൾക്ക് ജീവിക്കാനുള്ള ഒന്നാമത്തെ വേദിയാണ് നമ്മുടെ അകത്തെ ഗൂഢമനുഷ്യൻ, ആത്മാവിൽ

വളർന്ന്, നമ്മുടെ വീണ്ടെടുക്കപ്പെട്ട പ്രാണനും, ഈ ആത്മാവും കൂടി ചേർന്ന് ഒരു ആത്മീയ മനുഷ്യൻ ഉണ്ടാകും. അതാണ് അകത്തെ മനുഷ്യൻ എന്നു പറയുന്നത്. പുറത്തെ മനുഷ്യൻ ആരാണ്? പുറത്തെ മനുഷ്യൻ ആണ് മണ്ണുകൊണ്ട് ഉണ്ടാക്കിയ ഈ ശരീരം. ആദാമിനെ മണ്ണുകൊണ്ട് ഉണ്ടാക്കി ജീവശ്വാസം ഊതിയപ്പോൾ ശ്വാസം വലിക്കുകയും രക്തം ഓടുകയും ചെയ്യുന്ന ഈ ശരീരം പുറത്തെ മനുഷ്യൻ ആണ്. പുറത്തെ മനുഷ്യനെ Outer Man എന്നു പറയുന്നു. നമ്മുടെ ദേഹിയെ Inner Man എന്നും ആത്മാവിനെ Innermost Man എന്നു പറയും. ജീവിതത്തിന്റെ ഏററവും കേന്ദ്രസ്ഥാനത്തുള്ള ആ വ്യക്തിത്വത്തിന്റെ ആ ഭാഗമാണ് ആത്മാവ് or Spirit. ആത്മാവാണ് Innermost Man. (ചൈനീസ് മിഷനറി പ്രവർത്തകനായിരുന്ന Watchman Nee യുടെ Release of the Spirit എന്ന പുസ്തകത്തിൽ നിന്ന്) അതാണ് ലോകസ്ഥാപനത്തിന് മുമ്പേ സൃഷ്ടിക്കപ്പെട്ട നമ്മുടെ ആത്മാവ്. ആ ആത്മാവ് പുത്രന്റെ കൈയിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. പുത്രന്റെ കൈയിലുള്ള ആ ആത്മാവിനെയും കൊണ്ടാണ് യേശു ഭൂമിയിൽ ജനിച്ചതും വളർന്നതും മരിച്ചതും ഉയിർത്തെഴുന്നേററതും. ആ ആത്മാവിനെയാണ് തന്റെ ഉള്ളിൽ ഇപ്പോൾ സൂക്ഷിച്ചു വച്ചിരിക്കുന്നത്. എഫെസ്യർ ലേഖനം രണ്ടാം അദ്ധ്യായത്തിൽ 'ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു', എന്ന് എഴുതിയിരിക്കുന്നു.

ലോകാരംഭത്തിന് മുമ്പേ സൃഷ്ടിക്കപ്പെട്ടു, പുത്രന്റെ കൈയിൽ കൊടുക്കപ്പെട്ടു, മനുഷ്യാവതാരകാലത്ത് കർത്താവിന്റെ ശരീരത്തിൽ ജീവിച്ചു, ഉയിർത്തെഴുന്നേററ്, സ്വർഗ്ഗാരോഹണം ചെയ്തിരിക്കുന്ന യേശുവിന്റെ ആ തേജസക്കരിക്കപ്പെട്ട ആ ശരീരത്തിനുള്ളിൽ, നമ്മുടെ ആത്മാക്കൾ ഈ അനുഭവങ്ങൾ എല്ലാം കഴിഞ്ഞ് പോയി ഇരിപ്പുണ്ട്. ഇനിയും നമ്മുടെ ശരീരത്തിലെ പ്രാണനെ കൂടി കിട്ടികഴിയുമ്പോഴാണ് അകത്തെ മനുഷ്യൻ വളരുന്നത്. Innermost Man ന്റെ പണി കഴിഞ്ഞു. ലോകസ്ഥാപനത്തിന് മുമ്പേ, ഏററവും ഉള്ളിലെ, പിതാവായ ദൈവത്തിന്റെ സാദൃശമുള്ള നമ്മുടെ ആത്മാക്കളുടെ വേല കഴിഞ്ഞ് സ്വർഗ്ഗത്തിൽ ഉണ്ടെന്നുള്ള കാര്യം നമുക്ക് പ്രത്യാശ നൽകട്ടെ. സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന പുത്രന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്ന നമ്മുടെ ആത്മാവിനെ, നമ്മുടെ ശരീരത്തിൽ പ്രവേശിപ്പിച്ച്, നമ്മുടെ ശരീരത്തിലെ ഓരോ ദിവസത്തെ പ്രാണനെ വലിച്ചെടുത്ത് വേണം, അകത്തെ ഗൂഢമനുഷ്യൻ വളരുവാൻ. അകത്തെ രഹസ്യമായ ഗൂഢമനുഷ്യൻ വളരണമെങ്കിൽ നമ്മുടെ ഓരോ ദിവസത്തെ പ്രാണൻ വീണ്ടെടുക്കപ്പെട്ട്

യേശുവിന് ജീവിക്കുവാൻ കൊടുക്കണം. ഗലാത്യർ 2:20; 1 തെസ്സലോനിക്യർ 5:10. നാം എത്ര കാലം ഭൂമിയിൽ ജീവിച്ചോ അത്രയും ദിവസം കർത്താവിന്റെ കൂടെ ജീവിക്കുവാൻ വിട്ടുകൊടുത്താൽ മാത്രമേ, നമ്മുടെ ആത്മാവ്, ദേഹി, ദേഹം ഇവ മൂന്നും പിതൃപുത്രപരിശുദ്ധാത്മാവ് ത്രീയേകദൈവത്തിന്റെ കുടിയിരിപ്പു ഭവനങ്ങൾ ആകുകയുള്ളു. അപ്പോൾ നമ്മുടെ ആത്മാവിൽ പിതാവായ ദൈവത്തിന് വസിക്കാൻ കഴിയും, നമ്മുടെ ദേഹിയിൽ പുത്രന് വസിക്കാൻ കഴിയും, നമ്മുടെ ശരീരത്തിൽ പരിശുദ്ധാത്മാവിന് വസിക്കാൻ കഴിയും. ഇങ്ങനെ പിതൃപുത്രപരിശുദ്ധാത്മാവായ ത്രീയേകദൈവത്തിന് വസിക്കാനുള്ള ഒരു സ്ഥലമായി നാം മാറുമ്പോൾ നാം ചലിക്കുന്ന സ്വർഗ്ഗമായിരിക്കും. ഈ വലിയ പദ്ധതിയോടു കൂടെയാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. ആ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം സഫലമായിട്ടുണ്ടോ? ഇങ്ങനെ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നമ്മുടെ അകത്ത് തിരിച്ചറിയാൻ കഴിയുന്നുണ്ടോ? നമ്മുടെ ഉള്ളിൽ ജീവിക്കുന്ന ഈ ദൈവത്തെ തിരിച്ചറിയുമ്പോഴാണ് നമുക്ക് സന്തോഷം ഉണ്ടാകുന്നത്. തിരിച്ചറിയുന്നില്ലായെങ്കിൽ ദുഃഖമായിരിക്കും. ധ്യാനംകൊണ്ടും ആരാധനകൊണ്ടും നാം സാധിച്ചിരിക്കേണ്ടതായ ഏററവും വലിയ കാര്യമാണിത്. ഈ ലോകത്തിലെ ഒരു സൃഷ്ടികൾക്കും ഇങ്ങനെ ഒരു പദവിയില്ല. എല്ലാ മററു സൃഷ്ടികളും മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടു എന്നല്ലാതെ, അവയ്ക്കു സൃഷ്ടാവിനെ തിരിച്ചറിയാനോ, സന്തോഷിക്കാനോ യാതൊരു കഴിവുമില്ല. ഭൂമിയിലെ ജീവജാലങ്ങൾ ഒക്കെയും എന്തിനെന്ന് അറിയാതെ പ്രവർത്തിക്കുന്നു. ഭൂമിയോടും സൂര്യനോടും ദൈവം കല്പിച്ചു, അങ്ങനെ പ്രവർത്തിക്കുന്നു. പക്ഷേ അതിന്റെ ഉദേശ്യം എന്താണെന്ന് അവർക്ക് അറിയില്ല. സൃഷ്ടാവിന്റെ കല്പനപ്രകാരം അത് പ്രവർത്തിക്കുന്നു. വൃക്ഷങ്ങളും പക്ഷികളും മൃഗങ്ങളും എല്ലാം അങ്ങനെ തന്നെ പിതാവിന്റെ കല്പനക്രാരം പ്രവർത്തിക്കുന്നു. സദൃശ്യവാക്യങ്ങൾ 16:1 – 4.

അഞ്ചു ദിവസത്തെ സൃഷ്ടികൾ എല്ലാം ഒരു മുടക്കവുമില്ലാതെ പിതാവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുന്നു. എന്നാൽ ആറാം ദിവസം സൃഷ്ടിച്ച മനുഷ്യനു മാത്രം സൃഷ്ടവിനയോ സൃഷ്ടാവിന്റെ ഉദേശ്യത്തെപ്പററിയോ വേണ്ടതുപോലെ അറിവുമില്ല. അതുകൊണ്ടാണ് യെശയ്യാവ് പ്രവാചകൻ ഈ ദൈവത്തെയും മനുഷ്യനെയും കണ്ടപ്പോൾ വലിയ ഒരു സങ്കടം, യെശയ്യാവ് ഒന്നാം അദ്ധ്യായത്തിൽ പറയുന്നത്. കാളയ്ക്ക് നല്ല ബോധ്യം ഉണ്ട് തനിക്ക് തീററ തരുന്ന ആളിനെ; തിരിച്ചറിയാൻ കഴിയുന്നുണ്ട്,. തീററ കിട്ടിയില്ലെങ്കിൽ ഉടയവനെ കാണുമ്പോൾ കരയും. അത്രയും ബോധ്യം പോലും മനുഷ്യന് ഇല്ലല്ലോ എന്നു പറഞ്ഞാണ് യെശയ്യാവ് കരയുന്നത്. അവയ്ക്ക് ഈ പ്രകൃതിയിൽ സൃഷ്ടാവിനെ

തിരിച്ചറിയാൻ കഴിയുകയില്ല, എന്നാൽ ഉടയോക്കാരനെ തിരിച്ചറിയാൻ കഴിയും. മനുഷ്യർക്ക് അത്രയും പോലും ബോധം ഇല്ലല്ലോ എന്നു പറഞ്ഞ് യെശയ്യാവ് കരയുന്നത്, ഈ ബോധം വീണ്ടെടുക്കാനാണ്. മനുഷ്യർക്ക് മാത്രമേ സൃഷ്ടാവിനെ തിരിച്ചറിഞ്ഞ്, സൃഷ്ടാവിന്റെ കൂടെ താമസിച്ച്, സന്തോഷിക്കാൻ കഴിയുകയുള്ളു. ബാക്കി എല്ലാ സൃഷ്ടികളും യന്ത്രം പോലെ പ്രവർത്തിക്കുന്നു. വാഹനത്തിന്റെ യന്ത്രങ്ങൾ ചലിക്കുന്നതുപോലെ തന്നെ, പ്രകൃതിയും ഈ ജീവജാലങ്ങളും എല്ലാം പിതാവിന്റെ കല്പനപ്രകാരം ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ എന്തിനാണ് എന്നറിയുന്നില്ല. അത് അറിയേണ്ടത് നമ്മൾ ആണ്. അത് ചോദിക്കേണ്ടത് നമ്മൾ ആണ്. ഈ അഞ്ചു ദിവസം സൃഷ്ടിച്ച സകല ജീവജാലങ്ങളും എത്ര കൃത്യമായി അതിന്റെ പണി ചെയ്തുകൊണ്ടിരിക്കുന്നു. അത് എനിക്ക് വേണ്ടി ആയിരുന്നല്ലോ? ഞങ്ങൾക്ക് വേണ്ടി ആയിരുന്നല്ലോ? ഞങ്ങൾ എന്താണ് നിന്നെ തിരിച്ചറിയാത്തത്? എല്ലാം സൃഷ്ടിച്ചിട്ട് എന്തിനാണ് ഞങ്ങളെ അവസാനം സൃഷ്ടിച്ചത്. അവസാനം സൃഷ്ടിക്കപ്പെട്ട നമ്മൾ, മുമ്പേ സൃഷ്ടിക്കപ്പെട്ടതിനെ പ്രയോജനപ്പെടുത്തി, ഉടയോക്കാരനുവേണ്ടി പ്രയോജനപ്പെടുത്തി, ആ ആളിൽ സന്തോഷിക്കുകയും ആളിനെ സന്തോഷിപ്പിക്കുകയും ചെയ്യുന്നതാണ് നമ്മുടെ ജീവിതലക്ഷ്യം എന്ന് പറഞ്ഞ് ചിന്തിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? ഈ ബോധ്യം കിട്ടുവാനും നിലനിർത്തുവാനും ആണ് ധ്യാനവും പ്രാർത്ഥനയും നടത്തുന്നത്. ഞാൻ ആരാണ്? ഞാൻ എവിടെ നിന്ന് വരുന്നു? ഞാൻ എവിടേക്ക് പോകുന്നു? എന്നെ എന്തിനാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത്? നമുക്കു മാത്രമേ പിതൃപുത്രപരിശുദ്ധാത്മാവായ ത്രീയേകദൈവത്തെ വഹിച്ചുകൊണ്ട്, ആ ദൈവത്തിന്റെ വാഹനമായി, ചലിക്കുന്ന സ്വർഗ്ഗമായി മാറാൻ സാധിക്കുകയുള്ളു. എത്ര വലിയ പദവിയാണ് നൽകിയിരിക്കുന്നത്?

എല്ലാ സുഖസൗകര്യങ്ങളും ഉള്ള, സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവം തമ്പുരാൻ ഒരു സൗകര്യം ഇല്ലാത്ത ചീഞ്ഞുനാറി കിടക്കുന്ന നമ്മുടെ അടുക്കൽ വന്ന്, ആ ചേറിനകത്തുനിന്ന് നമ്മളെ പൊക്കിയെടുത്ത്, നമ്മളെ കട്ടകളാക്കി, അതിനെ ചുട്ട് എടുത്ത്, ഇഷ്ടികയാക്കി, അതുകൊണ്ട് ഒരു ഭവനം ഉണ്ടാക്കി അതിനുള്ളിൽ ജീവിക്കുകയാണ്. പൊന്നുകൊണ്ട്, എല്ലാ നവരത്നങ്ങൾ കൊണ്ട് ഉണ്ടാക്കിയ സ്വർഗ്ഗത്തിൽ നിന്നാണ് കർത്താവ്, ഈ ചേററുകുഴിയിൽ വന്ന് നമ്മെ വീണ്ടെടുക്കപ്പെടുന്നത്. ഈ ചേറുകളെ ഇഷ്ടിക ആക്കുകയാണ്. പാറ പുറത്ത് വന്ന് പാറ പൊട്ടിച്ച് കഷണങ്ങളാക്കി കോൺക്രീററ് ഉണ്ടാക്കി ഭവനം പണിത് അതിൽ വസിക്കുന്നു. ആ പിതാവിന്റെ സ്നേഹത്തിന് നാം നന്ദി പറഞ്ഞിട്ടുണ്ടോ? എന്റെ പിതാവിന് എന്തൊരു വലിയ സ്നേഹമാണ്. എന്തു വലിയ കരുതൽ ആണ്. ഞാൻ ഇതൊന്നും തിരിച്ചറിയുന്നില്ലല്ലോ? എത്രയും വേഗം തിരിച്ചറിഞ്ഞ് പിതാവേ ഈ കൃപായുഗം തീരുന്നതിന്

മുമ്പ്, ഈ ആകാശവും ഭൂമിയും പോകുന്നതിന് മുമ്പ് പുതിയ ആകാശവും ഭൂമിയും വരുന്നതിന് മുമ്പ് ഞങ്ങൾക്ക് ഈ പ്രകൃതികൾക്ക് മുഴുവനായി നിന്നെ സ്തുതിക്കാൻ സാധിക്കേണം. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ അവസാനം തിരിച്ചറിഞ്ഞ് ആവേശം നിറഞ്ഞ് ദൈവത്തിന് നന്ദി പറഞ്ഞിട്ട് കൊതി തീരുന്നില്ല. കാണുന്ന ജീവികളോട് അവൻ പറയുന്നു, നിങ്ങൾ ദൈവത്തെ സ്തുതിക്കുക. സകല ജീവജാലങ്ങൾക്കും വേണ്ടിയാണ് ഈ ആരാധനയും ധ്യാനവും നടത്തപ്പെടുന്നത്. എങ്കിലേ പിതാവിന് സന്തോഷമുണ്ടാകുകയുള്ളു. പിതാവ് പറയുന്നത്, നിങ്ങൾക്ക് വേണ്ടിയാണ് ഇതെല്ലാം സൃഷ്ടിച്ചിരിന്നത്. അവയ്ക്കു നന്ദി പറയാൻ കഴിയുകയില്ല, തിരിച്ചറിയാനും കഴിയുകയില്ല. ആ കഴിവ് നിനക്ക് തന്നിരിക്കുന്നു. അതുകൊണ്ട് നാം സർവ്വജീവജാലങ്ങൾക്കും വേണ്ടി ദൈവത്തെ സ്തുതിക്കേണം, ആരാധിക്കേണം. അങ്ങനെ ആണ് ദൈവം നമ്മോടുകൂടെ ഉണ്ടെന്നുള്ള ആനന്ദം നമുക്ക് ആസ്വദിക്കാൻ സാധിക്കുന്നത്. ഇത്രയും വലിയ സംവിധാനം ഉണ്ടായിട്ടും നമ്മളെ ദുഃഖിപ്പിക്കാനും കരയിപ്പിക്കാനും നിരാശപ്പെടുത്താനും പിശാച് മിടുക്കനാണ്. അവന് സ്വർഗ്ഗത്തിലെ എല്ലാ സുഖങ്ങളും നല്ലവണ്ണം അറിയാം. അവന് ഒരിക്കലും അത് തിരികെ കിട്ടാനും പോകുന്നില്ലായെന്നറിയാം. അവന് അവിടെ ഉണ്ടായിരുന്നതിനെക്കാൾ വലിയ പദവിയാണ് നമുക്ക് തരാൻ പോകുന്നത്. നമ്മൾ അവിടത്തെ ദത്തുപുത്രിയായി ചെന്ന് കല്യാണം കഴിഞ്ഞാൽ പിന്നെ അവിടത്തെ അവകാശിയാണ്, രാജ്ഞിയാണ്, മഹതിയായി നിത്യതയിൽ നിത്യമായി ശോഭിക്കേണ്ടതാണ്. ഈ സഭയിലെ അംഗങ്ങൾ എല്ലാം കൂടി ചേർന്നതാണ് മണവാട്ടി എന്നുള്ള കാര്യം ഓർക്കുമ്പോൾ ഓരോ വ്യക്തികളേയും ഇഞ്ച് ഇഞ്ച് ആയി പരിശോധിച്ചിട്ടു മാത്രമേ വിടുകയുള്ളു. ശത്രുവിന് അത്രയധികം അസൂയ ഉണ്ടെന്നാണ് അതിന്റെ അർത്ഥം. അതുകൊണ്ട് സ്വർഗ്ഗത്തിന്റെ സുഖങ്ങൾ എല്ലാം നല്ലവണ്ണം അറിഞ്ഞവൻ ശത്രുവായിപ്പോയിട്ട് മനുഷ്യരെയും ശത്രുക്കളാക്കുവാൻ കിണഞ്ഞ് പരിശ്രമിക്കുകയാണ്. ഞങ്ങൾക്കു അങ്ങയെ മാത്രം മതിയെന്ന് പറഞ്ഞ് കർത്താവിനെ അള്ളിപ്പിടിച്ചാൽ മാത്രമേ നമുക്ക് അങ്ങ് ചെന്നു ചേരാൻ സാധിക്കുകയുള്ളു. അതുകൊണ്ട് ഭക്തിജീവിതത്തിൽ രണ്ട് തരം ആശ്രയമനോഭാവം ഉണ്ടെങ്കിൽ മാത്രമേ നമുക്ക് കർത്താവിന്റെ ആലയമായി, കർത്താവ് വസിക്കുന്ന സ്ഥലമായി, പൂർണ്ണതയിൽ എത്താൻ കഴിയുമെന്ന് ഓർമ്മിപ്പിക്കുന്നു. 1 പത്രൊസ് 5:7; റോമർ 12 : 1 – 2.

സങ്കീർത്തനം 118: 8 വേദശാസ്ത്രജ്ഞന്മാർ അതിന് രണ്ടു ദൃഷ്ടാന്തങ്ങൾ പറയുന്നു. കുരങ്ങിന്റെ കുഞ്ഞ് വളരുന്നത് എങ്ങനെയെന്ന് അറിയാമോ? തള്ളകുരങ്ങിന്റെ വയററത്ത്, ശരീരത്തിൽ അള്ളിപ്പിടിച്ചിരിക്കും. കുഞ്ഞ് അള്ളിപ്പിടിച്ചിരിക്കുമ്പോഴും കുരങ്ങൻ മരങ്ങൾ ചാടി

ചാടി പോകും. പിടിവിട്ടാൽ കുഞ്ഞ് താഴെ പോകും. തള്ളകുരങ്ങിനെ കുഞ്ഞുങ്ങൾ അള്ളിപ്പിടിച്ചിരിക്കുന്നതുപോലെ നാം എപ്പോഴും കർത്താവിൽ ആശ്രയിക്കണം. എപ്പോഴും അള്ളിപ്പിടിച്ചിരിക്കണം. അതിനാണ് ഇടവിടാതെ സ്തുതിക്കേണം എന്നു പറയുന്നത്. എന്നാൽ അള്ളിപ്പിടിക്കാൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ട്. പൂച്ചകുഞ്ഞ് തള്ളപൂച്ചയുടെ വായിൽ ഇരിക്കുന്നത് എങ്ങനെയാണ്? പൂച്ചകുഞ്ഞിനെ എടുത്തുകൊണ്ടു പോകുമ്പോൾ കുഞ്ഞ് അടങ്ങി ഒതുങ്ങി ചുരുണ്ടുകൂടി കൊടുക്കും. അപ്പോൾ അത് തള്ളയുടെ വായിൽ ഇരിക്കും. അങ്ങനെ ഭദ്രമായി സ്ഥലത്ത് എത്തുന്നതുവരെയും വായിൽ നിന്ന് താഴെ വീഴാതെ ഒതുങ്ങി ഇരുന്നു കൊടുക്കും. ഈ രണ്ടു മനോഭാവവും നമുക്ക് വേണം എന്നാണ് പറയുന്നത്. ആദ്യം പൂച്ചകുഞ്ഞിന്റെ മനോഭാവം ഉണ്ടെങ്കിലേ വളർന്നുകിട്ടുകയുള്ളു. അല്പം വളർന്നുകഴിഞ്ഞാൽ പിന്നെ യുദ്ധക്കളത്തിലേക്ക് നാം പോകേണ്ടിവരും. അപ്പോൾ നാം തെറിച്ചുപോകാൻ സാധ്യതയുള്ളതുകൊണ്ട് അള്ളിപ്പിടിച്ചോണം. ഈ രണ്ടു സ്വഭാവവും നമുക്ക് വേണം. ആശ്രയവും ആശ്രയത്തൊടൊപ്പം തന്നെ വിശ്വാസവും പ്രത്യാശയും ദൈവസ്നേഹവും വേണം. പററിച്ചേരുക എന്നു പറയും. പററിച്ചേർന്നിരിക്കുന്നവർക്കാണ് സംരക്ഷണം ലഭിക്കുന്നത്. 91–ാം സങ്കീർത്തനത്തിൽ ദൈവത്തോട് പററിച്ചേർന്നിരിക്കുന്നവർക്കു മാത്രമേ പിശാച് ഭരിക്കുന്ന ഈ ലോകത്തിൽ സംരക്ഷണം ലഭിക്കുയെന്നു പറയുന്നു.

ദൈവത്തോട് പററിച്ചേർന്നിരിക്കാനുള്ള പശമുടക്കുന്നതാണ് പിശാചിന്റെ പരിപാടി. പശയില്ലെങ്കിൽ തെറിച്ചുപോകും. എന്നും പശ പുതുക്കി കൊണ്ടിരിക്കണം. നമ്മുടെ ദൈവസ്നേഹം 100% ആകുമ്പോൾ നമുക്ക് ഏത് പ്രതിബന്ധത്തെയും അതിജീവിച്ചുകൊണ്ട് കാന്തവും പച്ച ഇരുമ്പും ആയി പററിച്ചേരുന്നതുപോല, നമുക്ക് ദൈവത്തോട് പററിച്ചേർന്നാൽ മാത്രമേ ഈ ലോകത്തിൽ സംരക്ഷണം ലഭിക്കൂ. ഈ മനോഭാവങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നതും ധ്യാനിക്കുന്നതും. ഈ വേദവായനഭാഗം 100% അംഗീകരിക്കുന്നവർക്ക് മാത്രമേ പിതാവിന്റെ കരുണയോടെ കുടെയുള്ള, നമ്മളെ സ്വീകരിക്കുന്ന മനോഭാവവും ആശ്രയവും ഇതെല്ലാം കൂടി ചേർത്ത് പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളു. ഈ അവസ്ഥയിൽ നമ്മെ എത്തിക്കാൻ വേണ്ടിയാണ് വിശുദ്ധ ലൂക്കൊസ് 6 : 27 – 36 വരെയുള്ള വചനങ്ങൾ ധ്യാനിക്കേണം എന്നു പറയുന്നത്. എല്ലാത്തിലും അധികമായി നാം ദൈവത്തെ സ്നേഹിക്കുന്നു എന്ന് കാണിക്കാൻ വേണ്ടിയാണ് ഈ മനോഭാവം വെച്ചിരിക്കുന്നത്. കർത്താവിനെ നാം മുറുകെ പിടിച്ചാൽ മതി. ആവശ്യമുള്ളത് എല്ലാം കർത്താവ് തക്കസമയത്ത് തന്നുകൊള്ളും. എന്നാൽ നാം കർത്താവിനെ വിട്ടിട്ട് മറെറന്തിനെയെങ്കിലും കയറി പിടിച്ചാൽ എല്ലാം നഷ്ടമാകും. ആ പരീക്ഷയാണിത്. വായ്പ കൊടുക്കുന്നത് സ്വർഗ്ഗത്തിൽ നിന്നുള്ള മണിയോർഡറായി കൊടുത്താൽ മതി. അത്

മറെറാരുവഴി മാത്രമേ തിരികെ ലഭിക്കുകയുള്ളൂ. കടമായി കൊടുത്തുപോയാൽ ശത്രുതയിലെ പിരിയുകയുള്ളൂ. കൊടുക്കുമ്പോഴെ പറയണം, തിരികെ തരാൻ അല്ല, സ്വർഗ്ഗത്തിലെ പിതാവ് നിങ്ങൾക്ക് തരാൻവേണ്ടി എന്നെ ഏൽപ്പിച്ചതാണ്. നിങ്ങൾക്ക് കിട്ടുന്നകാലത്ത് നിങ്ങളെക്കാൾ പാവപ്പെട്ടവർക്ക് കൊടുത്താൽ മതി എന്നു പറഞ്ഞു കൊടുത്താൽ പിന്നെ പിണക്കമുണ്ടാകുകയില്ലല്ലോ? നാം എന്തെങ്കിലും ആർക്കെങ്കിലും കൊടുക്കുന്നതിന് മുമ്പേ ദൈവത്തോട് ചോദിച്ചിക്കണം. അപ്പോൾ അത് കർത്താവിന് കൊടുത്തതായി കരുതും. അത് നമ്മുടെ ആവശ്യത്തിനായി മറെറാരു വഴിയായി കിട്ടുകയും ചെയ്യും. ദൈവമക്കൾ വായ്പ കൊടുക്കുന്നത് തിരികെ കിട്ടാൻ അല്ല. കർത്താവിന്റെ ഭണ്ഡാരത്തിലെ അനുഗ്രഹങ്ങൾ വിതരണം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് അങ്ങനെ ചെയ്യുന്നത്. ഇതൊക്കെ വിശ്വസിക്കാൻ നമ്മളെ കൊണ്ട് പററുമോ? വിശ്വാസം ഉള്ളവർക്കെ നാളത്തേക്ക് കരുതാതെ ഇന്ന് വിതരണം ചെയ്യാൻ കഴിയൂ. ദൈവനിയോഗപ്രകാരം ദൈവം കല്പിക്കുമ്പോൾ കാര്യങ്ങൾ കൊടുത്തു തീർത്താൽ നമുക്ക് വേണ്ടത് സമയത്തു വന്നുകൊള്ളും എന്നാണ് പറഞ്ഞത്. സ്വർഗ്ഗത്തിലെ കർത്താവിനെ ഏൽപ്പിച്ചാൽ കർത്താവിന് മറവിയില്ല. കർത്താവിന്റെ നിയോഗപ്രകാരം നമ്മൾ ചിലവഴിച്ചാൽ കർത്താവ് അത് ഓർത്തു വച്ച് തിരികെ തരും. മനുഷ്യരിൽ ആശ്രയിക്കരുത് എന്നു പറഞ്ഞത് അതുകൊണ്ടാണ്. ഇതൊക്കെ നാം വിശ്വാസത്തോടെ ചെയ്യുമോ എന്നറിയാൻ വേണ്ടിയാണ് വലിയനോമ്പിന്റെ രണ്ടാം തിങ്കളാഴ്ച ഈ കാര്യങ്ങളിൽ എല്ലാം ജയിച്ചവരാണ് പറുദീസായിൽ വലിയ സാക്ഷികളായി നമുക്കുവേണ്ടി കാത്തിരിക്കുന്നത്. എബ്രായർ 12

നാം അങ്ങനെ പൂർണ്ണരായി പിതാവിന്റെ മക്കളായി, പിതാവിന്റെ ദത്തുമക്കളായി, മഹതിമഹാന്മാരായി ദൈവവചനം പഠിക്കുകയും പഠിപ്പിക്കുകയും ജീവിതശൈലിയിൽ കൂടി കാണിച്ചുകൊടുക്കയും ചെയ്യുമ്പോൾ നമ്മുടെ സന്തോഷത്തിന്റെ ആധാരം ഈ യേശു മാത്രമാണെങ്കിൽ എന്തിനാണ് നിരാശപ്പെടുന്നത്. യേശുവിനെ ആശ്രയിക്കുവാനുള്ള സ്വാതന്ത്ര്യം നമ്മളിൽ നിന്ന് കളയാൻ ആർക്കും കഴിയുകയില്ല. നമുക്ക് മാത്രമേ അതിന് സാധിക്കുകയുള്ളൂ. ലോകാരംഭത്തിന് മുമ്പേ സൃഷ്ടിക്കപ്പെട്ട നമുക്ക് ഒരു ശിശുവിന്റെ വേലയും പ്രായപൂർത്തിയായവരുടെയും വേലകൾ ഉണ്ട്. കൂടാതെ പൂർണ്ണതയിൽ എത്തിയവരുടെയും വേലകൾ ഉണ്ട്. യുദ്ധം ചെയ്യുന്ന യോദ്ധാവിന്റെയും വേലയും ഉണ്ട്. ഇതെല്ലാം ഓരോ മണ്ഡലത്തിൽ ചെയ്തുകൊണ്ടിരിക്കും. ഇതെല്ലാം സംയുക്തമായി ചെയ്താൽ മാത്രമേ നമുക്ക് പൂർണ്ണതയിൽ എത്തിച്ചേരുവാൻ സാധിക്കുകയുള്ളൂ. അങ്ങനെ നമ്മുടെ ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്ന് മണ്ഡലങ്ങളിൽ, യുദ്ധം ചെയ്യുന്ന ഒരു മണ്ഡലം, ജനിക്കുന്ന ഒരു മണ്ഡലം, വളരുന്ന ഒരു മണ്ഡലം, പൂർണ്ണതയിൽ എത്തുന്ന മറെറാരു

മണ്ഡലം, ഇതെല്ലാം പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ കൈകാര്യം ചെയ്തുകൊള്ളും. ഈ മനോഭാവം എല്ലാം നമ്മൾക്ക് വേണം. വേദപുസ്തകത്തിലെ കർത്താവിന്റെ എല്ലാ വചനങ്ങളും രാവും പകലും ധ്യാനിച്ച് അതിനെ ഹൃദയത്തിൽ സംഗ്രഹിച്ച് യേശുവിന്റെ അതേ മനോഭാവത്തിൽ പോയാൽ ചവിട്ടേണ്ടതായ പിശാചിനെ ചവിട്ടാൻ കാലിന്റെ കീഴിൽ കൊണ്ടുതരും. റോമർ 16 : 20

യേശുവിന്റെ വരവുവരെയും തലയാകുന്ന ക്രിസ്തുവിനോളം വളരുവാൻ പ്രവാചകന്മാരെയും അപ്പൊസ്തലന്മാരെയും ഉപദേഷ്ടക്കന്മാരുടെയും സുവിശേഷകന്മാരുടെയും എല്ലാം ദൈവം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. എഫെസ്യർ 4 –ാം അദ്ധ്യായത്തിൽ ഈ ശുശ്രൂഷകൾ എല്ലാം സമാഹരിച്ച് പ്രയോജനപ്പെടുത്തുമ്പോഴാണ് നമുക്ക് പൂർണ്ണതയിലേക്ക് വളരുവാൻ സാധിക്കുന്നത്. ഇതൊക്കെ നാം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കണം.

<u>പ്രാർത്ഥന</u>

ഞങ്ങളെ സ്നേഹിക്കുന്ന ദൈവമേ! നോമ്പിന്റെ രണ്ടാം തിങ്കളാഴ്ചയുടെ പ്രഭാതത്തിൽ, സ്വയപരിശോധന ചെയ്തപ്പോൾ ലോകാരംഭത്തിന് മുമ്പ് സൃഷ്ടിക്കപ്പെട്ട ആത്മാക്കൾ, പിതാവ് പുത്രന്റെ കൈകളിൽ ഏല്പിച്ചതിന് ഇതുവരെ നന്ദി പറഞ്ഞിട്ടില്ല. അങ്ങനെ മൂന്നിലൊന്ന് പൂർണ്ണതയിൽ ദൈവസാദൃശത്തിൽ സ്വർഗ്ഗത്തിൽ ഉണ്ടെന്നുള്ള കാര്യം ഞങ്ങൾക്ക് എത്രയധികം പ്രത്യാശ നൽകേണ്ടതാണ്. ആ പൂർണ്ണതയിലുള്ള വശത്തുനിന്ന് ലഭിക്കുന്ന ശക്തികൊണ്ടാണ് അപൂർണ്ണമായതിനെ പൂർണ്ണമാക്കുന്ന ബോധ്യത്തിൽ എന്തെല്ലാം ബലഹീനതയുണ്ടെങ്കിലും, അവിടെയെല്ലാം ബലപ്പെടുത്തി, ഞങ്ങളെ പൂർണ്ണതയിൽ എത്തിക്കുവാൻ വേണ്ടി ഇന്നു ജനിച്ച വശവും, ഇന്നലെ ജനിച്ച വശവും, നാളെ ജനിക്കാൻ ഇരിക്കുന്ന വശവും, എല്ലാം നീ കാണുന്നവനാകയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ ദേഹം, ദേഹി, ആത്മാവ് എല്ലാം ഒരു പോലെ ദൈവത്തിന് വസിക്കാൻ പററിയ കൊട്ടാരമായി, ചലിക്കുന്ന സ്വർഗ്ഗമായി നീ വളർത്തികൊണ്ടിരിക്കുന്നു. വളർച്ച പൂർത്തിയായ വശത്ത് നീ വസിക്കുന്നു. പൂർത്തിയാകാത്ത വശത്ത് നീ പണി നടത്തുന്നു. പണി തുടങ്ങാത്ത സ്ഥലത്ത് പണിയ്ക്കു ആവശ്യമായ സംവിധാനങ്ങൾ ചെയ്തുവരുന്നു. ഈ മണ്ഡലങ്ങളിൽ എല്ലാം ഞങ്ങളുടെ ശ്രദ്ധയെ ചെലുത്തി രാവും പകലും വചനം ധ്യാനിച്ച് ചെയ്യുന്നത് എല്ലാം സാധിക്കുന്ന ഭാഗ്യവസ്ഥയിൽ എത്തിച്ചേരാൻ ഞങ്ങളെ സഹായിക്കണമെന്ന് യേശുവിന്റെ നാമത്തിൽ യാചിക്കുന്നത്, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി കരേററുവാൻ തന്നെ, ആമേൻ.